## ന്യൂനപക്ഷ മത്സര പരീക്ഷ പരിശീലന കേന്ദ്രങ്ങളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

ന്യൂനപക്ഷക്ഷേമ വകുപ്പിനു കീഴിൽ കേന്ദ്ര-സംസ്ഥാനങ്ങളിലെ റെയിൽവേ, ബാങ്കിംഗ്, സൈന്യം, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവ നടത്തുന്ന വിവിധ മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്ന "കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്തി "ലെ ജൂലൈ മുതൽ ആരംഭിക്കുന്ന കോഴ്സുകൾക്ക് സി.സി.എം.വൈകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി ,ജൈന എന്നീ മത ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങൾക്കുമാണ് പ്രവേശനം. പരിശീലനം തീർത്തും സൗജന്യമാണ്. മത്സര പരീക്ഷകൾക്ക് ക്ലാസെടുത്ത് പരിചയമുള്ള യോഗ്യരായ അധ്യാപകരാണ് ക്ലാസുകൾ നയിക്കുന്നത്. ഇംഗ്ലീഷ്, മലയാളം, ഗണിതം, റീസണിംഗ്, ജോഗ്രഫി, ജനറൽ സയൻസ്, ഭരണഘടന, ഇന്ത്യാ ചരിത്രം മറ്റു പൊതു വിജ്ഞാനങ്ങൾ എന്നിവയിൽ ഊന്നിയായിരിക്കും ക്ലാസുകൾ. 24 കേന്ദ്രങ്ങളും 32 ഉപകേന്ദ്രങ്ങളും അടക്കം 56 സെന്ററുകളിൽ 40 മുതൽ 100 വരെ വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകുക.. യോഗ്യതയുടെയും, സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥയുടെയും പരിഗണനയിലായിരിക്കും പ്രവേശനം. ജൂലൈ 1 മുതൽ ഡിസംബർ 31 വരെയും ജനുവരി 1 മുതൽ ജൂൺ 30 വരെയും നീളുന്ന ആറു മാസ ക്ലാസുകളാണ് സി.സി.എം.വൈകളിൽ ക്രമീകരിച്ചിരിക്കുന്നത്. ഡിഗ്രി ബാച്ച്, പ്ലസ് ടു ബാച്ച്, ഹോളിഡേ ബാച്ച് എന്നിവയിലേക്കാണ് പ്രവേശനം. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ അതത് സി.സി.എം.വൈകളിലേക്ക് ആവശ്യമായ എല്ലാ രേഖകളും സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. കോച്ചിംഗ് സെന്ററുകളുടെ പ്രാദേശിക അവസ്ഥ പരിഗണിച്ച് ഓൺലൈനായും ഓഫ്ലൈനായും അപേക്ഷ സമർപ്പിക്കുവാൻ അതത് സി.സി.എം.വൈകൾ അവസരം ഒരുക്കുന്നുണ്ട്. പരിശീലന കേന്ദ്രങ്ങളുടെ വിലാസം www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2021 ജൂൺ 16 വൈകുന്നേരം 5 മണി.

ഡോ.എ.ബി.മൊയ്തീൻകുട്ടി
ഡയറക്ടർ